(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ് എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ആഭ്യന്തര വകുപ്പ് ഇത്തരം തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഒപ്പ്, ഫിംഗർപ്രിന്റ്, പൂർണ്ണമായ മേൽവിലാസം, ഫോട്ടോ, തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും എന്നിവ സഹിതമുള്ള പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. കൂടാതെ ഇത്തരം തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രത്യേക പട്രോളിംഗ്/beat ഡ്യൂട്ടി നടത്തി ഇവരെ നിരീക്ഷിക്കുന്നുണ്ട്.

(ഡി) അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനുവേണ്ടി നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പോലീസ് ശുഭയാത്ര 2015

208 (1913) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ശുഭയാത്ര 2015 എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ജനങ്ങൾക്ക് സംരക്ഷിത യാത്ര ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഈ പദ്ധതി വഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E'-കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(സി&ഡി) 4-6-2015-ലെ സ.ഉ.(ആർ‌ടി.) നമ്പർ 1368/2015/ആഭ്യ പ്രകാരം 'ശ്രുഭയാത്രാ' പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു*. തുടർന്ന് പദ്ധതി നടത്തിപ്പിനായി 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്.*

**പുതിയ ഫയർ എഞ്ചിനുകൾ**

209 (1914) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനുവേണ്ടി എത്ര പുതിയ ഫയർ എഞ്ചിനുകൾ വാങ്ങുവാനാണ് ഓർഡർ നൽകിയിട്ടുള്ളത് ;

(ബി) പുതിയ ഫയർ എഞ്ചിനുകൾ എപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കുമോ ;

(സി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് പുതിയ ഫയർ എഞ്ചിനുകൾ ലഭിക്കുന്ന ആദ്യഘട്ടത്തിൽ തന്നെ നിർദ്ദിഷ്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്ന പരിഗണന നൽകി മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ ഫയർ എഞ്ചിൻ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly